Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 37 | 2018 സെപ്റ്റംബർ 02 | 1194 ചിങ്ങം 17

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

"സർവ്വതൊഴിലുംകൂടി പഠിച്ചിട്ട് ഒരാൾക്ക് ഒന്നും ചെയ്യാനാവില്ല. വാസനയനുസരിച്ച് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക. പെണ്ണായാലും ആണായാലും വാസനയനുസരിച്ച് പഠിപ്പിക്കുക. അതാണ് ശരി."

# കരകയറാൻ കേരളത്തിന് കരം കൊടുത്ത് ശാന്തിഗിരി ആശ്രമം

**തിരുവനന്തപുരം:** പ്രളയദുരിതത്തിൽ നിന്ന് കേരളത്തെ കരകയറ്റാനുള്ള അക്ഷീണ പരിശ്രമത്തിൽ മുൻനിരയിൽതന്നെ പങ്കുചേർന്ന് ശാന്തിഗിരി ആശ്രമം പ്രവർത്തകർ മാതൃകയായി. ശാന്തിഗിരി ശാന്തിമഹിമയുടേത് ഉൾപ്പെടെയുള്ള പ്രവർത്തകരും യുവാക്കളും വിവിധ സ്ഥലങ്ങളിൽ ശുചീകരണ–പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേർന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവർ മുൻനിരയിലുണ്ടായിരുന്നു.

സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ഹരിപ്പാട് ഏരിയയിൽ നിന്നുള്ള പ്രവർത്തകർ കുട്ടനാട് മേഖലയിലെ ചങ്ങങ്കരി, എടത്വ, പള്ളിപ്പാട് എന്നിവിടങ്ങളിൽ ശുചീകരണ കർമ്മത്തിൽ പങ്കാളികളായി. സ്കൂളുകൾ, അംഗൻവാടികൾ, വീടുകൾ എന്നിവ ശുചീകരിച്ചു.

കേന്ദ്രാശ്രമത്തിൽ നിന്നുള്ള ശാന്തിഗിരി ശാന്തിമഹിമ പ്രവർത്തകരും ശുചീകരണ കർമ്മത്തിൽ പങ്കാളികളായി. സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ കോന്നിയിൽ 150 ദുരിതബാധിതർക്ക് ദുരിതാശ്വാസ കിറ്റുകൾ വിതരണം ചെയ്തു.

കോഡിനേറ്റർ അനൂപ് ടി.പി.യുടെ നേതൃത്വത്തിൽ ചേർത്തല ഏരിയയിലെ വിവിധ സ്ഥലങ്ങളിൽ പ്രവർത്തനം നടന്നു. പൂച്ചാക്കൽ, ചന്തിരൂർ, മുഹമ്മ, ചേർത്തല, മുട്ടത്തിപ്പറമ്പ് ദുരിതാശ്വാസ ക്യാമ്പുകളിൽ അരി വിതരണം നടത്തി.

കോട്ടയം ജില്ലയിൽ സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ തിരുവഞ്ചൂർ, കാവാലം, ചെങ്ങളം, കുമരകം എന്നീ മേഖലകളിലെ വീടുകളിൽ ശുചീകരണം നടന്നു. കൂടാതെ ചിങ്ങവനം, മാന്നാനം, കഞ്ഞിക്കുഴി, ചെങ്ങളം, കുമരകം, പള്ളിത്തോട് എന്നിവിടങ്ങളിൽ ശാന്തിഗിരിയുടെ ആയുർവേദ–സിദ്ധ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. എറണാകുളത്ത് പറവൂർ, ആലുവ മേഖലകളിലെ ദുരിതാശ്വാസ ക്യാംപുകളിൽ ഭക്ഷണപ്പൊതികൾ വിതരണം ചെയ്തു. പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവുമാണ് നൽകിയത്. പ്രവർത്തനങ്ങൾക്ക് ഏരിയ ഓഫീസ് മാനേജർ സി.എൻ. സുരേഷ് നേതൃത്വം നല്കി.

വയനാട് ജില്ലയിലെ ഉരുൾപ്പൊട്ടൽ മേഖലയായ കമ്പളക്കാട് മേഖലയിൽ കോഡിനേറ്റർ ഹരികൃഷ്ണന്റെ നേതൃത്വത്തിൽ കോഴിക്കോട് നിന്നെത്തിയ ഇരുപതോളം സന്നദ്ധ പ്രവർത്തകർ വീടുകൾ ശുചീകരിച്ചു. ഡ്രെയിനേജ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ക്രമീകരിച്ചു. വയനാട് മാനന്തവാടിയിലെ ദുരിതബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിന് നിത്യോപയോഗ സാധനങ്ങൾ സബ് കളക്ടർ ഓഫീസിൽ എത്തിച്ചു. സ്വാമി തനിമോഹനൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ചെറുകുന്ന് പ്രവർത്തിക്കുന്ന ക്യാംപ് സന്ദർശനം നടത്തി സഹായം നൽകി. വടകരയിൽ നിന്നുള്ള ആശ്രമം പ്രവർത്തകർ സ്വാമി ചന്ദ്രദീപ്തൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ മാനന്തവാടിയിലെ ദുരിതാശ്വാസ ക്യാംപുകളിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു.

കോഴിക്കോട് ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം കളക്ട്രേറ്റിലെ റിലീഫ് മെറ്റീരിയൽ പാക്കിംഗ് പ്രവർത്തനത്തിൽ ആശ്രമത്തിൽ നിന്ന് അൻപതോളം ശാന്തിമഹിമ പ്രവർത്തകർ പങ്കെടുത്തു. തൃശൂർ ജില്ലയിൽ കണ്ണേറ്റുപാടത്തുള്ള ഗവ. ഹൈസ്കൂൾ ക്ലീനിംഗ് നടത്തി. ടൗണിൽ നിന്ന് 31 കിലോമീറ്ററോളം ദൂരെയുള്ള സ്ഥലമാണിത്. സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ കൊടുങ്ങല്ലൂർ, മണ്ണുത്തി പ്രദേശങ്ങളിലെ ദുരിതാശ്വാസ ക്യാംപുകൾ സന്ദർശിച്ചു സഹായം നൽകി.

സംസ്ഥാനം നേരിട്ട ഏറ്റവും വലിയ പ്രകൃതിദുരന്തത്തിൽ നിന്ന് കേരളത്തെ വീണ്ടെടുക്കുമെന്ന ദൃഢനിശ്ചയത്തിൽ സർക്കാരും ജനങ്ങളും സന്നദ്ധസംഘടനകളും എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്ന കാഴ്ചയാണ് ദുരന്തമേഖലകളിൽ നിന്ന് കാണാൻ കഴിയുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഇതുവരെയുള്ള സംഭാവനകൾ ആയിരം കോടി രൂപ കവിഞ്ഞു. വിദേശത്തുനിന്ന് ഉൾപ്പെടെ കൂടുതൽ ധനം സമാഹരിച്ച് പുനർനിർമ്മാണത്തിലൂടെ ഒരു നവകേരളം സൃഷ്ടിക്കുകയെന്ന വെല്ലുവിളിയാണ് നമുക്കു മുന്നിലുള്ളത്.

നവകേരള നിർമ്മാണപദ്ധതികൾക്ക് ആവശ്യമായ പണം കണ്ടെത്താൻ ലോകമെമ്പാടുനിന്നുമുള്ള മലയാളികളിൽ നിന്നും ഫണ്ട് ശേഖരണത്തിനുള്ള ഒരുക്കത്തിലാണ് സംസ്ഥാന സർക്കാർ. സ്വദേശത്തുനിന്നും വിദേശത്തുനിന്നും ഒരേപോലെ ധനശേഖരണം നടത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി ജില്ലകളുടെ ചുമതല മന്ത്രിമാരെ ഏൽപിച്ചു. വിദേശത്ത് നിന്നു ഫണ്ട് ശേഖരിക്കാൻ മന്ത്രിമാരും ഉദ്യോഗസ്ഥരും അവിടേക്ക് പോകും. സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നും സെപ്തംബർ 13ന് ഫണ്ട് ശേഖരണം നടത്താനും തീരുമാനിച്ചിട്ടുണ്ട്.







## 'നവപൂജിതം' കോഡിനേഷൻ മീറ്റിംഗ് നടന്നു

**സ്പിരിചൽ സോൺ:** നവപൂജിതം കോഡിനേഷൻ മീറ്റിംഗ് ഓഗസ്റ്റ് 31 ന് ശാന്തിഗിരി ആശ്രമം ജോയിന്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്പിരിചൽ സോൺ കോൺഫ്രൻസ് ഹാളിൽ വച്ച് നടന്നു. ഈ വർഷത്തെ നവപൂജിതം, ധ്വജാരോഹണം, പുഷ്പസമർപ്പണം, ഗുരുദർശനം, ദീപം പ്രദക്ഷിണം എന്നിവയോടെ പ്രാർത്ഥനാദിനമായി ആചരിക്കുന്ന കാര്യം സ്വാമി അറിയിച്ചു. കലാപരിപാടികളും വാദ്യഘോഷങ്ങളും ഒഴിവാക്കിയിട്ടുണ്ട്. വിവിധ ഡിപ്പാർട്ട്മെന്റ് പ്രതിനിധികൾ ആത്മബന്ധുക്കൾക്കായി ഒരുക്കേണ്ടുന്ന സംവിധാനങ്ങളെക്കുറിച്ച് യോഗം വിലയിരുത്തി.

സെപ്റ്റംബർ 13 വ്യാഴാഴ്ചയാണ് ഗുരുവിന്റെ തൊണ്ണൂറ്റിരണ്ടാമത് ജന്മദിന പൂജിത സമർപ്പണം ആഘോഷം –നവപൂജിതം– ആഘോഷിക്കുന്നത്. നവപൂജിതത്തിനു മുന്നോടിയായുള്ള വ്രതസങ്കല്പങ്ങൾ ഓഗസ്റ്റ് 24 ന് ആരംഭിച്ചിട്ടുണ്ട്. രാവിലെ ആശ്രമത്തിലും വിവിധ ബ്രാഞ്ചാശ്രമങ്ങളിലും പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങൾ നടന്നുവരുന്നു. ആശ്രമസമുച്ചയം വലംവച്ചുള്ള പ്രാർത്ഥനയും എല്ലാ ദിവസവും നടക്കുന്നുണ്ട്.

# ഗുരുവാണി

എന്നോടൊത്തുള്ള സമകാലീനർ ഏതെങ്കിലും വിധത്തിൽ ചീത്തയാകുന്നത് എനിക്കിഷ്ടമാകുമോ? എനിക്ക് വീടും കുടുംബവുമൊക്കെ ഉണ്ടെങ്കിൽ അവരെന്തെങ്കിലും തെറ്റു കാണിച്ചാൽ ഞാൻ നോക്കിയിരിക്കുമോ? കഴിയുന്നത്ര തിരുത്താൻ നോക്കും. അമ്മയോ പെങ്ങളോ ഉറ്റവരോ ഉടയവരോ ഒക്കെ ഉണ്ടെങ്കിൽ അവർക്കും എനിക്കും നാട്ടുകാർക്കും തിന്മ ചെയ്യുകയാണെന്ന് മനസ്സിലാക്കി അത് മാറ്റും. ഇപ്പോൾ അതൊന്നും ഇല്ലല്ലോ. ഇപ്പോൾ ദൈവത്തോടുള്ള സ്നേഹം എന്നുപറഞ്ഞാൽ തിന്മയോട് ചേർത്തുവച്ചായിരിക്കുകയില്ല. നന്മയോട് ചേർന്നതും നന്മ നിലനിർത്തുന്ന വിഷയത്തോടുമായിരിക്കും. അങ്ങനെ ആകുമ്പോൾ നല്ലതു കാണുന്ന സ്ഥലത്തേക്ക് ചേരുകയേയുള്ളൂ. അതേസമയം തിന്മ കാണുന്നവരെ മൊത്തത്തിൽ ശാസിക്കാൻ സാധിക്കുമോ? എല്ലാവരെയും തിന്മയിലേക്കു തിരിക്കുന്ന ഒരു വികൃതിവിശേഷം നമ്മിലേക്കു പകർന്നുകൊണ്ടിരിക്കുന്നു. പണ്ഡിതനെന്നോ പാമരനെന്നോ സന്ന്യാസിയെന്നോ യോഗിയെന്നോ ജ്ഞാനിയെന്നോ ഭക്തനെന്നോ കർമിയെന്നോ ഉള്ള വ്യത്യാസമില്ലാതെ എല്ലാവരിലും കാണുന്നു.

സത്യമാണെന്നു വച്ച് എല്ലാവരോടും ചെന്ന് നേരിൽ പറയാൻ പറ്റുമോ? അഥവാ പറഞ്ഞാൽ അതനുസരിക്കാൻപോലും ആരും കാണുകയില്ല. ചിലതെല്ലാം കണ്ട് വേദനിക്കും. ചിലതെല്ലാം കണ്ട് സഹതപിക്കും. ചിലരുടെയെല്ലാം മുട്ടാളത്തരം കണ്ട് വിഷമിക്കുന്ന പല ഘട്ടങ്ങളുണ്ടാകും. അങ്ങനെ പലതു കണ്ട് പല നാളായി വേദനിച്ചതിന്റെ സ്വഭാവത്തിൽ ഇവരെല്ലാം ഈ ലോകത്തിൽ ഓരോ തരത്തിൽ കഴിവുള്ളവരാണല്ലോ, ഇവരാരും തന്നെ ബുദ്ധി പ്രയോഗിക്കുന്നതിൽ മോശക്കാരായിരുന്നില്ലല്ലോ, അങ്ങനെ ഇവരുടെയെല്ലാം ബുദ്ധി കുറെയെങ്കിലും നല്ല വഴിക്കു തിരിച്ചുവിടാൻ ദൈവാനുഗ്രഹം ഉണ്ടായാൽ നമുക്കെന്നു മാത്രമല്ല ഈ ലോകത്തിന് എന്തെന്ത് മുതൽക്കൂട്ടാണെന്ന് പറഞ്ഞറിയിക്കാൻ കഴിയുമോ? അങ്ങനെയുള്ള ജീവാത്മാക്കൾ ഈ ലോകത്തിനുണ്ടാവുക എന്നുപറയുന്നത് എന്നെന്നേക്കുമായി നിത്യശാന്തിയെ വിതരണം ചെയ്യുന്ന ഒരു സത്യമല്ലേ?

അത് എനിക്കോ, നിങ്ങൾക്കോ മതിയെന്നു ചിന്തിക്കുന്ന ആളുകൾക്ക് ഇങ്ങനെയൊന്നും തോന്നേണ്ട കാര്യമില്ല. ലോകത്ത് എത്രയോ ജനങ്ങളുണ്ട്. അതിൽ പത്തോ ഇരുപത്തഞ്ചോ പേർക്ക് പോരേ? ദൈവത്തോടുള്ള സ്നേഹം അല്ലെങ്കിൽ ദൈവത്തിനുള്ള സ്നേഹം എന്തുപോലെ നമുക്ക് കാണാമെന്ന് ഒരളവിലും പറയാവതല്ല. അങ്ങനെ സ്നേഹം കൊണ്ടുള്ള കഴിവുകൾ അനവധി സ്വഭാവത്തിലാണ്. സ്നേഹം എല്ലാവർക്കുമുണ്ട്. ആ സ്നേഹം അതിന്റെ അറിവോളം എത്തിച്ചെടുക്കുക എന്നത് ഒരു നിതാന്തജാഗ്രതയിൽ കൂടിയേ നടക്കൂ. ആ ദിവ്യസ്നേഹത്തിനു തുല്യമായി വേറൊന്നും ഉണ്ടെന്ന് എനിക്ക് വിശ്വാസമില്ല. ഞാൻ അങ്ങനെയൊരു വിശ്വാസി ആയിപ്പോയതുകൊണ്ടായിരിക്കാം ഈവക തോന്നൽ വരാനിടയായത്. അല്ലാതെ ആരോടും പക വീട്ടുന്ന സ്വഭാവം എന്റെ വാക്കിൽ വരാനിടയില്ലെന്നാണ് എന്റെ വിശ്വാസം. എല്ലാത്തിനെയും അറിവാകുന്ന സ്നേഹത്തിൽക്കൂടികണ്ട് അറിവാകുന്ന പ്രവൃത്തിയിൽക്കൂടി ജീവന്റെ പോരായ്മകളെ അഴിച്ച്, ആ സ്ഥാനത്ത് പുണ്യം നേടി - 'പുണ്യവും പാപവും എനിക്കു വേണ്ട ഞാൻ എന്ന് ഒന്നുണ്ടെങ്കിൽ കോടാനുകോടി മക്കളിലൊന്ന്, കോടാനുകോടി ജീവജാലങ്ങളിലൊന്ന്' എന്നേ ചിന്തിക്കുകയുള്ളൂ. 'ഇതെല്ലാം നിന്റെ മഹിമയിൽപ്പെട്ടതാണല്ലോ; നീയാണ് ലോകത്തിന്റെ സത്യവും അസത്യവും; സത്, ചിത്, ആനന്ദവും നീ തന്നെ' - അതായി മാറാൻ ആഗ്രഹിക്കുന്ന വാക്കുകൾ മാത്രം പറഞ്ഞെന്നേയുള്ളൂ. ഇതിലേക്ക് എല്ലാ ദൈവമക്കളെയും ദൈവം അനുഗ്രഹിക്കട്ടെ എന്നു മാത്രമേ ആഗ്രഹമുള്ളൂ.

## വചനദീപ്തി

**സാന്ത്വനകൃപാസിന്ധോ, സമസ്ത ധർമ്മരക്ഷകാ, ഗുരോ,**
**അപ്പാ, ഞങ്ങളുടെയും ഭൂലോകവാസികളുടെയും**
**ഇന്നോളം ഉണ്ടായിട്ടുള്ള സമസ്ത തെറ്റും പൊറുക്കണേ!!**

**അനശ്വരവാണി**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

5.9.2018 – കരുണപുരം
7.9.2018 – ലക്ഷ്മിപുരം, കാഞ്ഞാംപാറ
8.9.2018 – ശാന്തിഗിരി ജംഗ്ഷൻ

## യാമപ്രാർത്ഥന

2018 സെപ്റ്റംബർ 6, വ്യാഴം

## പൗർണ്ണമി

2018 സെപ്റ്റംബർ 24, തിങ്കൾ

## പ്രകാശപദം

# ജീവന്റെ മോചനപ്രാപ്തി

ഒരു സ്നേഹത്തിന്റെ ഭാഗത്ത് മനുഷ്യജീവിതത്തിന്റെ ചില ജീവിതസ്വഭാവങ്ങളുണ്ട്. ഈ പരിണാമസിദ്ധാന്തത്തിൽ ഒരു ജീവൻ ഏതെല്ലാം നിലയിൽ എങ്ങനെയൊക്കെ ഇരിക്കണം, അല്ലെങ്കിൽ എങ്ങനെയാണ് ആ ജീവൻ മോചനപ്രാപ്തിയോ അല്ലെങ്കിൽ മുക്തിയോ അല്ലെങ്കിൽ വേറെ ഏതെങ്കിലും ഒരു വഴിയിൽ ചെന്നെത്തുന്നതെന്ന ഒരറിവുണ്ട്.

ഇന്ന് നമ്മൾ ഈ ശരീരത്തോടുകൂടിയൊക്കെ ജീവിച്ചിരിക്കുന്നു. ഈ ശരീരത്തോടുകൂടിയിരിക്കുമ്പോൾ ശരീരത്തിനൊരു കർമം ഉണ്ട്. ആ കർമം നല്ലതോ ചീത്തയോ എന്നൊരു ഭാഗമുണ്ട്. നല്ലതായാലും ചീത്തയായാലും പുണ്യമെന്നും പാപമെന്നും രണ്ടു വശമുണ്ട്. ഇത് നമ്മുടെ കർമ്മം എങ്ങനെ പുണ്യത്തിലെത്തിക്കും, അത് പിന്നെ എങ്ങനെ ഭാഗ്യത്തിലെത്തിക്കും എന്ന് ഏതൊരു മനുഷ്യനും ചിന്തിക്കാതിരിക്കില്ല. ബുദ്ധിയായിട്ട് ചിന്തിക്കുന്നവനും ബുദ്ധിയില്ലാതെ ചിന്തിക്കുന്നവനും എല്ലാം അറിയുന്നവനും അറിയാത്തവനും; അങ്ങനെ പലതരത്തിലുണ്ട് മനുഷ്യരൂപം. അതുപോലെ ഈ ജീവൻ സഞ്ചരിക്കുന്ന ജീവപരിണാമരഹസ്യങ്ങളിൽ ഈ ജീവകോടികൾ അധിവസിക്കുന്നതുപോലെ, പലരും ഈ അന്തർയാമികളായിരിക്കുന്ന സ്വഭാവത്തിൽ, ഏതെല്ലാം ജീവാത്മാക്കൾ ഈ പ്രകൃതിയിൽ ലയിച്ചുനിൽക്കുന്നു എന്ന് ഗുരുവും ശിഷ്യനുമായിട്ട് അറിയുന്ന ഒരു അതീവരഹസ്യമുണ്ട്. അതാണ് ഗുരുശിഷ്യബന്ധത്തിന്റെ വേറൊരു സ്വഭാവം. അങ്ങനെ വരുമ്പോൾ ഈ മനുഷ്യജന്മം കൊണ്ട് നമ്മൾ എന്തു നേടി? അങ്ങനെ ആ മനുഷ്യജന്മത്തിൽ നമ്മൾ എന്തെല്ലാം ചെയ്തു, ചെയ്തില്ല എന്നു വേർതിരിച്ചറിയുന്ന രഹസ്യം കാണാം.

അതു ജീവന്റെ പരിണാമദശയിൽ മനുഷ്യൻ തന്റെ ശരീരം വിട്ടുപോകുന്ന ഒരു അവസ്ഥാന്തരത്തിൽ അവിടെ ഇതു തമ്മിൽ വേർതിരിച്ചു കാണുന്ന ഒരു വിഭാവനയുണ്ട്. പ്രകാശവും പ്രകാശവും തമ്മിലുള്ള ഒരു ഭാഗമാണത്. അങ്ങനെ നാം ചിന്തിക്കുമ്പോൾ, ഇപ്പോൾ നാം ജീവിച്ചിരിക്കുമ്പോൾ ഉള്ള ഈ ശരീരം ഇപ്പോൾ ഈ കാണുന്നതുപോലെ തന്നെ, ഈ ജീവന്റെ വിവിധ ഘട്ടങ്ങളിൽ താൻ ഈ മോചനപ്രാപ്തി എത്തുന്നതെങ്ങനെ? അല്ലെങ്കിൽ മോക്ഷപ്രാപ്തി എങ്ങനെ എത്തും?

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**
അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# ഗുരുവും ഗുരു തരുന്നതും എത്ര വലുതാണ്

ജനക മഹാരാജാവിന്റെ ഗുരുവായിരുന്നു അഷ്ടാവക്ര മഹർഷി. അഷ്ടാവക്രൻ എന്നാൽ ശരീരത്തിൽ ഭീകരമായ എട്ട് വൈകല്യങ്ങൾ ഉള്ള ആൾ എന്നർത്ഥം. ശരീരത്തിന് അംഗവൈകല്യം ഉണ്ടായിരുന്നെങ്കിലും അദ്ദേഹം ഉന്നതനായ ഒരു ഋഷി ആയിരുന്നു. അഷ്ടാവക്രന്റെ ശിഷ്യത്വം നേടിയപ്പോൾ തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാൻ ജനക മഹാരാജാവ് തയ്യാറായിരുന്നു. എന്നാൽ ജനകൻ രാജാവായിത്തന്നെ തുടരണമെന്ന് ഗുരുവായ അഷ്ടാവക്ര മഹർഷി നിർബന്ധിച്ചു. കാരണം അവിടുത്തെ ജനങ്ങൾ ഋഷിതുല്യനായ ഒരു രാജാവിനെ അർഹിക്കുന്നു എന്ന് അദ്ദേഹത്തിന് തോന്നി.

അഷ്ടാവക്രന്റെ ആശ്രമത്തിൽ ധാരാളം സന്ന്യാസിമാർ ഉണ്ടായിരുന്നു. ഗുരുവിനോട് ജനകനുള്ള അടുത്ത ബന്ധം അവർക്കത്ര രുചിച്ചിരുന്നില്ല. ജനകൻ ആശ്രമത്തിൽ വന്നാൽ ഗുരുവായ അഷ്ടാവക്രൻ മണിക്കൂറുകളോളം, ചിലപ്പോൾ ദിവസങ്ങളോളം ഒപ്പം നടന്നും സംസാരിച്ചും അദ്ദേഹത്തിന്റെ കൂടെത്തന്നെ ചെലവഴിച്ചിരുന്നു. ഒരാൾ ഗുരുവും മറ്റെയാൾ ശിഷ്യനുമാണ്. അവിടെയുണ്ടായിരുന്ന സന്ന്യാസിമാർക്ക് അത് പ്രയാസമായി. അവർ ഇങ്ങനെ ചിന്തിച്ചു: 'നാം എല്ലാം ഉപേക്ഷിച്ച് ഇവിടെ വന്നു. എന്നിട്ടും ഗുരു നമ്മോടൊപ്പം ഇത്രയധികം സമയം കഴിയുന്നില്ല. ജനകമഹാരാജാവ് രാജാവാണ്. അദ്ദേഹത്തിന് ഒരു സാമ്രാജ്യമുണ്ട്. നിരവധി ഭാര്യമാരുണ്ട്, രാജാവിനു ലഭിക്കുന്ന എല്ലാ സുഖസൗകര്യങ്ങളും അദ്ദേഹത്തിനുണ്ട്. രാജാവിന്റെ എല്ലാ അധികാരവുമുണ്ട്. അങ്ങനെ എല്ലാം ഉണ്ട്. അദ്ദേഹം വല്ലപ്പോഴുമേ ആശ്രമത്തിൽ വരാറുള്ളൂ. പക്ഷെ വരുമ്പോഴെല്ലാം അദ്ദേഹത്തിന് ഗുരുവിന്റെ പൂർണ്ണശ്രദ്ധ ലഭിക്കുകയും ചെയ്യുന്നു.' ഇത് തികച്ചും പക്ഷാഭേദവും മുൻവിധിയുമൊക്കെയാണ് എന്ന് അവർ ചിന്തിച്ചു. അവരെ അത് വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. ഗുരുവിന് ഇത് അറിയാമായിരുന്നു.

ഒരു ദിവസം ആശ്രമത്തിൽ ഒരു സത്സംഗം നടക്കുകയായിരുന്നു. ഗുരുവിന് സമീപം സന്ന്യാസിമാരെല്ലാം കൂടിയിരുന്നു. ജനകനും കൂട്ടത്തിൽ ഉണ്ടായിരുന്നു. അപ്പോൾ ആശ്രമത്തിലെ അന്തേവാസിയായ ഒരു സഹായി സത്സംഗം നടക്കുന്ന ഹാളിലേക്ക് ഓടിവന്ന്, ഒരു സംഘം കുരങ്ങൻമാർ ആശ്രമവളപ്പിൽ കടന്ന് അയകളിൽ ഉണക്കാനായി വിരിച്ചിട്ടിരിക്കുന്ന സന്ന്യാസിമാരുടെ വസ്ത്രങ്ങളെല്ലാം നശിപ്പിക്കുന്നു എന്ന് വിളിച്ചുപറഞ്ഞു. സത്സംഗത്തിലിരുന്ന സന്ന്യാസിമാരെല്ലാം പെട്ടെന്നെഴുന്നേറ്റ് അവരവരുടെ വസ്ത്രങ്ങൾ സംരക്ഷിക്കാനായി ആശ്രമമുറ്റത്തേക്ക് ഓടി. അവർ വസ്ത്രങ്ങളെല്ലാം കുരങ്ങൻമാരിൽ നിന്ന് വീണ്ടെടുത്ത് സുരക്ഷിതമായി വച്ചശേഷം മടങ്ങിവന്നു സ്വസ്ഥാനങ്ങളിൽ ഇരുന്നു. സത്സംഗം തുടർന്നു.

കുറേ കഴിഞ്ഞ് ജനക മഹാരാജാവിന്റെ കാവൽക്കാരിൽ ഒരാൾ ഹാളിലേക്കു പാഞ്ഞുവന്ന് കൊട്ടാരത്തിനു തീ പിടിച്ചു എന്ന് അറിയിച്ചു. ഇതുകേട്ട ജനകൻ കുപിതനായി പറഞ്ഞു: "എന്റെ ഗുരു ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഇടയിൽ കടന്നുവരാൻ നിനക്ക് എങ്ങനെ ധൈര്യം വന്നു? കടക്കൂ പുറത്ത്!"

അപ്പോൾ അഷ്ടാവക്ര മഹർഷി സന്ന്യാസിമാരോടു പറഞ്ഞു: "ആ വസ്ത്രങ്ങൾ, നിങ്ങൾ ധരിക്കുന്നതുപോലെയുള്ള ആ വസ്ത്രങ്ങൾ, ലോകത്തിൽ മിക്കയാളുകളും കൈകൊണ്ട് തൊടുക പോലുമില്ല. അവർ തറ തുടയ്ക്കാൻപോലും അവ ഉപയോഗിക്കില്ല. എന്നാൽ കുരങ്ങൻമാർ ആ തുണികൾ എടുത്തു കളിച്ചപ്പോൾ നിങ്ങൾ എന്നോട് ചോദിക്കാൻപോലുമെനക്കെടാതെ എഴുന്നേറ്റ് ഓടിപ്പോയി. ജനകനെ നോക്കൂ. അദ്ദേഹത്തിന്റെ കൊട്ടാരം വെന്തെരിയുകയാണ്. അപ്പോഴും അനുവാദമില്ലാതെ ഇവിടെ കടന്നുവന്ന് സത്സംഗത്തെ തടസ്സപ്പെടുത്തിയ കാവൽക്കാരനെ ശകാരിച്ചു പുറത്താക്കുകയാണ് അദ്ദേഹം ചെയ്തത്. അതാണ് വ്യത്യാസം. അതുകൊണ്ടാണ് അദ്ദേഹത്തിന് അർഹതയുള്ളത് അദ്ദേഹത്തിനു ലഭിക്കുന്നത്. നിങ്ങൾക്ക് കിട്ടേണ്ടത് നിങ്ങൾക്കും."

# ഓണക്കാലത്തെ പ്രളയം നമ്മെ ഓർമ്മിപ്പിക്കുന്നത്

**സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി**

"ഈ ലോകത്ത് ചെയ്തുകൂട്ടുന്ന തിന്മകൾ പ്രകൃതിക്ക് താങ്ങാനാവാതെ വരുമ്പോൾ ഈ തിന്മകളെ യുദ്ധമായും ഭൂകമ്പമായും പ്രകൃതിക്ഷോഭങ്ങളായും ദൈവം പരിണമിപ്പിക്കുന്നു." – നവജ്യോതിശ്രീകരുണാകരഗുരു.

നാൽപ്പതു വർഷങ്ങൾക്ക് മുൻപ് നൽകിയ ഗുരുവാണിയാണിത്. ഈ പ്രപഞ്ചം ദൈവത്തിന്റേതാണ്. പ്രകൃതി കോപിച്ചു എന്നാൽ ദൈവം കോപിച്ചു എന്നാണ് മനസ്സിലാക്കേണ്ടത്. എന്തുകൊണ്ടാണ് പ്രകൃതി ക്ഷോഭിക്കുന്നതെന്ന് തീർത്തും വ്യക്തമാണ്. ചെയ്തുകൂട്ടുന്ന തിന്മകൾ– അതുതന്നെ. ആരാണീ പ്രപഞ്ചത്തിൽ തിന്മകൾ ചെയ്തുകൂട്ടുന്നത്. മനുഷ്യനുൾപ്പെടെ കോടാനുകോടി ജീവജാലങ്ങൾ ഭൂമിയിലുണ്ട്. ഇതിൽ ആരാണ് ബോധപൂർവം തിന്മകൾ ചെയ്യുന്നത്. മറ്റാരുമല്ല ഒരേ ഒരു ജീവി മാത്രം. അതു മനുഷ്യനാണ്. നന്മതിന്മകളെ വേർതിരിച്ചറിയാൻ ശേഷി നേടിയ ഏക ജീവിയാണ് മനുഷ്യൻ. എന്നാൽ ആ അറിവ് നിലനിർത്തിക്കൊണ്ടുതന്നെ തിന്മക്ക് കൂടുതൽ മേൽക്കോയ്മ വരുന്നത് ലോകത്തിന്റെ നിലനിൽപ്പിനെതന്നെ ബാധിക്കും. അത്തരത്തിൽ തിന്മകൾ ചെയ്തുകൂട്ടുന്ന മനുഷ്യസമൂഹത്തിന് ഭൂമിയിൽ വസിക്കാനുള്ള അവകാശമില്ലെന്നത് ദൈവനിയമം. എല്ലാം ക്ഷമിക്കുന്ന ഭൂമി തിന്മകളും ഒരളവോളം ക്ഷമിക്കും, ഉൾക്കൊള്ളും. എന്നാൽ അതു അതിരു കടന്നാൽ, താങ്ങാനാവാതായാൽ ദൈവകോപം ഉയരും. അതു പരിണമിക്കുന്നത് കേരളം ഇക്കഴിഞ്ഞ ദിവസങ്ങളിൽ അനുഭവിച്ച തരത്തിലുള്ള ദുരന്തമായിട്ടായിരിക്കും. തൊട്ടുമുമ്പുവരെ ജീവൻ നിലനിറുത്തിയ ജലവും പോറ്റി വളർത്തിയ മണ്ണും പൊടുന്നനെ രൗദ്രരൂപമാർന്നത് ഇതുകൊണ്ടാണ്. എത്ര വേഗത്തിലാണ് പ്രളയം കേരളത്തെ വിഴുങ്ങിയത്. വെള്ളം മൂക്കിന് മുമ്പിലേക്ക് ഉയർന്നുകയറിയപ്പോൾ 'രക്ഷിക്കണേ' എന്ന ജീവനുവേണ്ടിയുള്ള കേണപേക്ഷയാണ് കേരളത്തിലെവിടെനിന്നും ഉയർന്നത്. നാം അത് കഠിനഹൃദയനൊമ്പരത്തോടെയാണ് കേട്ടത്.

കാൽപ്പാദങ്ങൾക്കടിയിലെ മരണത്തിന്റെ നനവ് അന്ന് നമ്മൾ തൊട്ടറിഞ്ഞു. പെയ്ത്തിന്റെ ആരവത്തേയും പ്രവാഹത്തിന്റെ ഇരമ്പലിനേയും മൺതരികളുടെ മൂളലിനെയും അതിജീവിക്കാനാകാതെ നമുക്ക് നിസ്സഹായരായി മുകളിലേക്ക് കൈയുയർത്തി ജീവനുവേണ്ടി കേണപേക്ഷിക്കേണ്ടി വന്നു. പ്രാർത്ഥനയായിരുന്നു എല്ലായിടത്തും. കേരളം ദുഖത്തിന്റെ സ്വന്തം നാടായി മാറി. ഓണക്കാലം ഒരുമയുടെ കാലമാണ് എന്ന് കാലാകാലങ്ങളായി പറഞ്ഞുപോരുന്ന പ്രയോഗം. ഇത്തവണ അത് അന്വർത്ഥമായി. ഓണത്തിന്റെ ഏകഭാവത്തെ അടിവരയിട്ട് കാട്ടിത്തന്നു. പ്രളയത്തിന് മുകളിൽ ഉയർന്നുനിന്ന സഹായഹസ്തങ്ങൾക്ക് ജാതിയുടേയോ മതത്തിന്റേയോ അടയാളങ്ങൾ ഇല്ലായിരുന്നു. നമ്മുടെ രാഷ്ട്രീയ, ജാതി, മത നിർബന്ധങ്ങളിൽ പലതിനും പ്രസക്തിയില്ലെന്നുള്ള ഒരു പുതിയ പാഠം നാം പഠിച്ചത് ഈ ഓണക്കാലത്തിന്റെ പ്രത്യേകത. പണത്തിന്റെ ഹുങ്കിൽ അയൽപക്ക സഹകരണത്തെ പുച്ഛിച്ചവരും ഞാനെന്ന ഭാവത്തിൽ മതിമറന്നവരും ഒന്നുമല്ലെന്ന് ഈ ഓണക്കാലം കാണിച്ചുതന്നു. സമൃദ്ധിയുടെ കഥകൾ മാത്രം പറയുന്ന ഓണക്കാലത്ത് ഇത്തവണ കേരളത്തിന് പ്രളയത്തിൽ മുങ്ങി കണ്ണീരണിഞ്ഞ ഓണമാണ്. ഒരു കുടന്നപൂ വാങ്ങാൻപോലും വകയില്ലാത്തവർക്ക് എന്ത് ഓണം. മലയാളികളുടെ ഇത്തവണത്തെ ഓണത്തിന് നിറമോ മണമോ ഒന്നുമില്ല. ഓണത്തിനായി കരുതി വച്ചതൊക്കെ മഴ കൊണ്ടുപോയി. പകരം ബാക്കി വച്ചതൊക്കെ നഷ്ടങ്ങളുടെ കണ്ണീർ മാത്രം. എന്നും ഓണം പോലുള്ള ആഘോഷവേളകളിലാണ് നാടെങ്ങും ഒരുമയോടെ ഉത്സാഹത്തോടെ ഒരേ മനസ്സോടെ നിൽക്കുന്നത്. ഇത്തരം കാഴ്ചകൾ അസാധാരണമാണ്. പ്രളയത്തിലും, മുറിയാതെ പെയ്യുന്ന മഴയിലും എല്ലാം, ദുരിതബാധിതർക്കായി കേരളം ഒന്നടങ്കം ഒരേ മനസ്സോടെ നിൽക്കുന്ന കാഴ്ചയാണ് ഇന്ന് കേരളത്തിലുടനീളം കാണുന്നത്. മനുഷ്യൻ ഒരു സമൂഹജീവിയാണെന്നും അതുകൊണ്ടുതന്നെ അവന് സമൂഹത്തെ മറന്ന് തിന്മകൾ ചെയ്തുകൂട്ടാനാവില്ലെന്നുമുള്ള തിരിച്ചറിവ് നൽകാൻ ഓണക്കാല പ്രളയം നിമിത്തമായിരിക്കുന്നു. നവജ്യോതിശ്രീകരുണാകരഗുരു തിന്മയെ നശിപ്പിക്കാൻ പ്രളയം ഉണ്ടാകും എന്നു മാത്രമല്ല പറഞ്ഞത്. പ്രളയം പോലെ തന്നെ യുദ്ധവും ഭൂകമ്പവുമായും തിന്മയെ ഇല്ലാതാക്കാൻ ദൈവം പരിണമിക്കുമെന്നും ഗുരു പറഞ്ഞു. പ്രളയകാല താക്കീത് പഠിക്കാതായാൽ മനുഷ്യനെ വിഴുങ്ങാൻ പോകുന്നത് മഹാദുരന്തമായിരിക്കും. അതു ലോകസമൂഹത്തിന് താങ്ങാനാവാത്തതായിരിക്കും. അതുണ്ടാകാതിരിക്കണമെങ്കിൽ ദുർചിന്തകളും അഹംഭാവങ്ങളും വെടിഞ്ഞ് പ്രാർഥിക്കാനും നല്ലത് മാത്രം പ്രവർത്തിക്കാനും നമുക്ക് കഴിയണം.

*(മനോരമ ഓൺലൈനിലെ ഹൃദയകമലം പക്തിയിൽ നിന്ന്)*

# മുറിയായിക്കരയിൽ സഹായവുമായി ആദ്യമെത്തിയത് ശാന്തിമഹിമ

**ചെങ്ങന്നൂർ:** പ്രളയക്കെടുതി ബാധിച്ച കേരളത്തിലേക്ക് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും സഹായങ്ങൾ ഒഴുകിയെത്തി. എന്നാൽ ഒരു സഹായവും എത്തിപ്പെടാത്ത ചില സ്ഥലങ്ങളെങ്കിലും ഉണ്ടായിരുന്നു. ചെങ്ങന്നൂരിനടുത്ത പാണ്ടനാട് മുറിയായ്ക്കരയിൽ ഒരു സഹായവും എത്തിയിരുന്നില്ല. പ്രളയത്തിൽ ഇവിടുത്തെ പ്രദേശങ്ങൾ വെള്ളത്തിനടിയിലായിരുന്നു. അവിടെ സഹായഹസ്തവുമായി ആദ്യമെത്തിയത് ശാന്തിഗിരി ശാന്തിമഹിമയുടെ പ്രവർത്തകരാണ്.

മുറിയായ്ക്കരയെ പ്രതിനിധീകരിച്ച് ന്യൂ ലൈഫ് ചർച്ച് വികാരി, ബ്രദർ അസർ പീറ്റർ ശാന്തിമഹിമ പ്രവർത്തകരിൽ നിന്നും സഹായം ഏറ്റുവാങ്ങി.

# ഗൃഹപ്രവേശനം



*സ്നേഹപുരം യൂണിറ്റിൽ ബി. സുനിൽ കുമാറിന്റെയും ജി. ശ്രീലേഖയുടെയും പുതിയ ഭവനമായ 'ശാന്തിദീപ'ത്തിന്റെ ഗൃഹപ്രവേശന കർമ്മം ഓഗസ്റ്റ് 29 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിച്ചു.*



*ശാന്തിഗിരി ആശ്രമം, ചെന്നൈ ബ്രാഞ്ച് നെല്ലൂരിൽ നടത്തിയ അന്നദാനം*

# വിവാഹിതരായി



*വയനാട് സുൽത്താൻ ബത്തേരി നമ്പ്യാർകുന്ന് 'ഗുരുവന്ദന'ത്തിൽ എം.എം. രാജന്റെയും സരളയുടെയും മകൻ എം.ആർ. രാജേഷും നമ്പ്യാർകുന്ന് ആർത്തവയൽ ചെറുപറമ്പിൽ വിജയകുമാറിന്റെയും ലതികയുടെയും മകൾ പി.വി. തീർത്ഥയും ഓഗസ്റ്റ് 26 ന് ശാന്തിഗിരി ആശ്രമം, സുൽത്താൻ ബത്തേരി ബ്രാഞ്ചിൽ വച്ച് വിവാഹിതരായി.*

# എസ്.ഐ.റ്റി.ഡി. ട്രെയിനിംഗ് 3, 4 തീയതികളിൽ

**സ്പിരിച്വൽ സോൺ:** ആശ്രമത്തിലെ എക്സിക്യൂട്ടീവ് സ്റ്റാഫംഗങ്ങളുടെ ട്രെയിനിംഗ് പ്രോഗ്രാം സെപ്റ്റംബർ 3, 4 തീയതികളിൽ സ്പിരിച്വൽ സോൺ കോൺഫ്രൻസ് ഹാളിൽ വച്ച് നടക്കും. നേരത്തെ ട്രെയിനിംഗിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കാണ് ട്രെയിനിംഗ് സംഘടിപ്പിച്ചിരിക്കുന്നത്. രാവിലെ 9.30 ന് ആരംഭിക്കുന്ന ട്രെയിനിംഗിൽ ഡോ. കെ.ആർ.എസ്. നായർ ക്ലാസ് നയിക്കും. ട്രെയിനിംഗ് പരിപാടിയുടെ പ്രധാന ആകർഷണം 'മഹാഭാരതത്തിൽ നിന്നുള്ള വിജയമന്ത്രം' എന്ന പരിപാടിയാണ്. നേതൃത്വപാടവം, ആസൂത്രണം, സംഘാടനം, നിർവഹണം, പ്രതിബദ്ധത, പ്രചോദനം, സ്ത്രീശാക്തീകരണം എന്നിവ സംബന്ധിച്ച് മഹാഭാരതകഥകൾ ഉദാഹരണമാക്കിയുള്ള ക്ലാസാണിത്.

കർമ്മരംഗത്ത് ഓരോ സ്റ്റാഫംഗങ്ങളും കൂടുതൽ ക്രിയാത്മകമായി പ്രവർത്തിക്കുന്നതിനുള്ള ടിപ്സുകളും നിർദ്ദേശങ്ങളും ഈ ട്രെയിനിംഗിൽ ഉണ്ടായിരിക്കുന്നതാണ്.

# ജെ.എസ്. ഓഫീസ് പുതിയ കെട്ടിടത്തിൽ

**സ്പിരിച്വൽ സോൺ:** ആശ്രമം ജോയിന്റ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വിയുടെ ഓഫീസ് സ്പിരിച്വൽ സോൺ കോൺഫ്രൻസ് ഹാൾ അനക്സിലേക്ക് മാറ്റി. ഫിനാൻസ് മോണിറ്ററിംഗ് സെൽ, ബജറ്റ് ഡിവിഷൻ, ആശ്രമം ബ്രാഞ്ചസ് കോഡിനേഷൻ, എൻ.എൻ. കമ്യൂണിക്കേഷൻ, വെബ് ഡിസൈൻ ഡിവിഷൻ, ക്യാഷ് ആന്റ് ബാങ്കിംഗ്, സിവിൽ പ്രോജക്റ്റ്സ് മോണിറ്ററിംഗ് ഡിവിഷൻ എന്നിവ പുതിയ ഓഫീസിനു കീഴിൽ പ്രവർത്തിക്കുന്നതായിരിക്കും.



*വേൾഡ് ഫിലോസഫി കോൺഗ്രസിൽ പങ്കെടുക്കാനെത്തിയ ഡോ. കെ. ഗോപിനാഥൻപിള്ള മറ്റു പ്രതിനിധികൾക്കൊപ്പം*

# വേൾഡ് ഫിലോസഫി കോൺഗ്രസിൽ ശാന്തിഗിരിയുടെ സ്വരം മുഴങ്ങി

**ബീജിംഗ്:** ഓഗസ്റ്റ് 13 മുതൽ 21 വരെ ചൈനയുടെ തലസ്ഥാനമായ ബീജിംഗിൽ നടന്ന വേൾഡ് ഫിലോസഫി കോൺഗ്രസിൽ ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷനെ പ്രതിനിധീകരിച്ച് ഡോ. കെ. ഗോപിനാഥൻ പിള്ള പങ്കെടുത്തു.

ബീജിംഗ് ചൈനീസ് ഇന്റർനാഷണൽ കൺവൻഷൻ സെന്ററിൽ വച്ച് നടന്ന വേൾഡ് ഫിലോസഫി കോൺഗ്രസിൽ വിവിധ രാജ്യങ്ങളിൽ നിന്നും 5000 പ്രതിനിധികൾ സംബന്ധിച്ചു. ഐസിസിആർ സ്പോൺസർ ചെയ്ത കേന്ദ്രസർക്കാരിന്റെ ആറംഗ പ്രതിനിധി സംഘത്തിൽ ഒരാളായി സമ്മേളനത്തിൽ പങ്കെടുത്ത എസ്ആർഎഫ് ചീഫ് ഫെലോ പ്രഫ. ഡോ. കെ. ഗോപിനാഥൻ പിള്ള രണ്ട് പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി. 'ധർമ്മം-നവജ്യോതിശ്രീ കരുണാകരഗുരുവിന്റെ ആശയത്തിന്റെ അടിസ്ഥാനത്തിൽ', 'ഇന്റഗ്രേറ്റഡ് ഹ്യൂമനിസം ആന്റ് ന്യൂ ഹ്യൂമൻ സിവിലൈസേഷൻ' എന്നീ വിഷയങ്ങളിലാണ് ഡോ. ഗോപിനാഥൻ പിള്ള പ്രബന്ധങ്ങൾ അവതരിപ്പിച്ചത്. ഇന്ത്യയിൽ നിന്നും വിവിധ യൂണിവേഴ്സിറ്റികൾ, ഗവൺമെന്റ് ഏജൻസികൾ എന്നിവയുടെ നൂറോളം പ്രതിനിധികൾ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി. ഇന്ത്യയിൽ നിന്നുള്ള രാഷ്ട്രീയ നേതാവ് രാം മാധവ്, ഐസിസിആർ പ്രസിഡന്റ് വിനയ് സഹസ്രബുദ്ധെ എം.പി, തുടങ്ങിയ പ്രമുഖർ പങ്കെടുത്ത മീറ്റിംഗിലാണ് ഡോ. ഗോപിനാഥൻപിള്ള ഗുരുവിനെക്കുറിച്ചുള്ള പ്രബന്ധം അവതരിപ്പിച്ചത്. ഓഗസ്റ്റ് 17, 18, 19 തീയതികളിൽ ചൈനയിലെ പ്രശസ്തമായ സിയാൻ നഗരത്തിൽ ഷാൻ സി ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രേഡ് ആന്റ് കൊമേഴ്സ്, സിയാൻ ബയോ മെഡിക്കൽ കോളേജ് എന്നീ സ്ഥാപനങ്ങളിൽ ഇന്ത്യൻ ട്രെഡീഷണൽ മെഡിസിനും ചൈനീസ് ട്രെഡീഷണൽ മെഡിസിനും സംയുക്തമായി ഗവേഷണ പദ്ധതികൾ ആരംഭിക്കുന്നതിനെ കുറിച്ചും വിദ്യാർത്ഥികളെ പരസ്പരം കൈമാറുന്നത് സംബന്ധിച്ചും, മരുന്നുകളുടെ മാർക്കറ്റിംഗ് തുടങ്ങിയ വിഷയങ്ങളിലും ചർച്ച നടന്നു. ഇവിടെ നിന്നുള്ള മൂന്ന് പ്രധാന സംഘങ്ങൾ ഒക്ടോബറിൽ ശാന്തിഗിരി ആശ്രമം സന്ദർശിക്കുന്നതാണ്. ഷാങ്സി ഇന്റർനാഷണൽ ട്രേഡ് ആന്റ് കൊമേഴ്സിൽ ഡോ. കെ. ഗോപിനാഥൻ പിള്ളയെ ഗസ്റ്റ് പ്രഫസറായി നിയമിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രശസ്തമായ സയാൻ പഗോഡയും ഡോ. ഗോപിനാഥൻ പിള്ള സന്ദർശിക്കുകയുണ്ടായി.

# കുട്ടനാടിന്റെ ശുചീകരണത്തിന് കുട്ടിക്കരങ്ങൾ

**ചന്തിരൂർ:** ഓഗസ്റ്റ് 29, 30, 31 തീയതികളിൽ നടന്ന കുട്ടനാടിന്റെ മഹാശുചീകരണ കർമ്മത്തിൽ പങ്കെടുത്ത് ഏവരുടെയും പ്രശംസ നേടിയിരിക്കുകയാണ് എട്ടാം ക്ലാസ് വിദ്യാർത്ഥിയായ ഗുരുപ്രിയൻ റ്റി.എസ്. എന്ന ശാന്തിമഹിമ പ്രവർത്തകൻ. ചന്തിരൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിയായ ഗുരുപ്രിയൻ ചന്തിരൂരിലെ ശാന്തിമഹിമ പ്രവർത്തകരുമായി ചേർന്ന് 6 വീടുകളും ഒരു സ്കൂളും ശുചീകരിച്ചു. ആരുടെയും പ്രത്യേക നിർദ്ദേശമില്ലാതെ നിസ്വാർത്ഥ സ്നേഹം മാത്രം കൈമുതലാക്കി പ്രവർത്തിച്ച ഗുരുപ്രിയനെപ്പോലുള്ള പുതുതലമുറ വളരെ പ്രതീക്ഷ പകരുന്നുവെന്ന അഭിപ്രായമാണ് ഏവർക്കുമുള്ളത്.



*ഗുരുപ്രിയൻ റ്റി.എസ്. ശുചീകരണകർമ്മത്തിൽ*

# ശുചീകരണ കർമ്മം ഇന്ന്

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ നേതൃത്വത്തിൽ ഇന്ന് മൂന്നു മണി മുതൽ ആറ് മണി വരെ പരിസരശുചീകരണം നടക്കും. ആശ്രമ പരിസരമാണ് നവപൂജിതത്തിനു മുന്നോടിയായി ശുചീകരിക്കുന്നത്.


ഗുരുചരണം ശരണം

പ്രാർത്ഥനയോടെ..

**സന്തോഷം സി.സി. ടിവി സെയിൽസ്**

എയർ, ബസ്സ്, ട്രെയിൻ

ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ്

കൂത്തുപറമ്പ് ✆ 8089382869




*ശാന്തിഗിരി വിദ്യാഭവന്റെ പുതിയ ഓഫീസ് മന്ദിരം*

# ശാന്തിഗിരി വിദ്യാഭവന് പുതിയ ഓഫീസ് മന്ദിരം

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന് പുതിയ ഓഫീസ് മന്ദിരം പ്രവർത്തനം ആരംഭിച്ചു. പ്രിൻസിപ്പൽ - വൈസ് പ്രിൻസിപ്പൽ ഓഫീസ്, അഡ്മിനിസ്ട്രേഷൻ വിംഗ്, ക്യാഷ് കൗണ്ടർ, റിസപ്ഷൻ, സെക്യൂരിറ്റി ക്യാബിൻ എന്നിവ പുതിയ ബിൽഡിംഗിൽ ഉണ്ടായിരിക്കും. പുതിയ ഓഫീസ് മന്ദിരത്തിന് ഓഗസ്റ്റ് 29ന് അഭിവന്ദ്യ ശിഷ്യപൂജിത തിരിതെളിയിച്ചു.

## പൊതുയോഗം

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പ്രതിമാസ പൊതുയോഗം ഇന്ന് (സെപ്റ്റംബർ 2ന് ) രാവിലെ 7.30 ന് റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. സർവാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനി മുഖ്യപ്രഭാഷണം നടത്തും. സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി തുടങ്ങിയവർ സംബന്ധിക്കും.


ഗുരുചരണം ശരണം

പ്രാർത്ഥനയോടെ



ശാന്തിഗിരി മധുരം ബേക്കറി



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala